# കാൻസര് ബാധിച്ച ഗർഭപാത്രത്തില് ജീവന് തുടിച്ചപ്പോള് (പ്രൊഫസര് സാം സ്കറിയയുടെ അനനുഭവസാക്ഷ്യം)

ഡോ. ഏഴംകുളം സാംകുട്ടി

ജനിച്ചതിനുശേഷം സ്വന്തം ജീവിതത്തിലുണ്ടായിട്ടുള്ള നന്മകളെ ഓർത്താണ് സാധാരണയായി ആളുകള് ദൈവത്തിന് സ്തുതി കരേറ്റുന്നത്. എന്നാല് ഞാനാകട്ടെ, ജനിക്കുന്നതിനു മുമ്പ് ദൈവം എനിക്കുവേണ്ടി ചെയ്ത അത്ഭുതങ്ങളെ സ്മരിച്ചുകൊണ്ടും ദൈവത്തെ സ്തുതിക്കാറുണ്ട്.

എന്റെ ജനനത്തിനു മുമ്പുണ്ടായ സംഭവങ്ങള് പറയാം.

കോട്ടയം പെരുമ്പെട്ടി സ്വദേശികളാണ് എന്റെ പിതാവും മാതാവും - മുണ്ടുതറയില് പി. വി. സ്കറിയായും ഏലിയാമ്മയും. അന്ന് എന്റെ മാതാപിതാക്കള്ക്ക് രണ്ടു കുട്ടികള്. ഒരാണ്കുട്ടിയും ഒരു പെണ്കുട്ടിയും. മാതാപിതാക്കള് മാർതോമ്മാ സഭയിലെ സജീവ വിശ്വാസികളായിരുന്നു.

ഒരു ദിവസം (1955 ല്) എന്റെ മാതാവിന് പെട്ടെന്ന് ശരീരവേദനയും വല്ലാത്ത തളര്ച്ചയും അനുഭവപ്പെട്ടു. ബ്ലീഡിംങ്ങും ഉണ്ടായിരുന്നു. ശരീരാസ്വാസ്ഥ്യങ്ങള് തുടര്ന്നപ്പോള് ഡോക്ടറെ കാണാന് തീരുമാനിച്ചു. പൊതുവെ സ്ത്രീകള്ക്ക് ഉണ്ടാകാറുള്ള രോഗങ്ങള്ക്ക് വിദഗ്ദ്ധമായ ചികില്സ ലഭിക്കുന്നത് തിരുവല്ലയിലുള്ള സായിപ്പിന്റെ ആശുപത്രിയിലാണ് എന്നു കേട്ടു (മെഡിക്കല് മിഷന് ഹോസ്പിറ്റല്).

സായിപ്പിന്റെ ആശുപത്രിയില് എത്തി. ഉടനെ അഡ്മിറ്റാകണമെന്ന് നിര്ദ്ദേശിച്ചു. അവിടെ എന്തെക്കെയോ ചികിത്സകള് ചെയ്തു തുടങ്ങി. വിദഗ്ധ പരിശോധനകളും ആരംഭിച്ചു. രക്തവും മലമൂത്രാദികളും പരിശോധനയ്ക്കുവേണ്ടി ശേഖരിച്ചു. ബയോപ്സിയും നടത്തി.

അക്കാലത്ത് പ്രധാന ടെസ്റ്റുകള് ദൂരെ വലിയ പട്ടണങ്ങളിലുള്ള ഹോസ്പിറ്റല് ലാബുകളിലാണ് നടത്തിയിരുന്നത്. സ്പെസിമെന്സ് അവിടങ്ങളില് എത്തിക്കണം. റിസല്ട്ട് ലഭിക്കുവാന് ദിവസങ്ങളും ആഴ്ചകളും കാത്തിരിക്കണം.

ദിവസങ്ങള് മുന്നോട്ടു നീങ്ങിയെങ്കിലും മാതാവിന്റെ ശാരീരികക്ലേശങ്ങള്ക്ക് ശമനം ഉണ്ടാകുന്നില്ല. ഒരു മാസത്തോളം അവിടെ കിടന്നു. ഒടുവില് രോഗനിര്ണ്ണയവുമായി ഡോക്ടര് മാതാവിന്റെ മുറിയിലെത്തി. ഞെട്ടിപ്പിച്ച വാര്ത്തയായിരുന്നു അത് - യൂട്രസ് ക്യാന്സര്. ഗര്ഭപാത്രം നീക്കം ചെയ്യണം - ഹിസ്റ്ററെക്റ്റമി. അന്നു മാതാവിന് മുപ്പത് വയസ്സ്.

സര്ജറിയെപ്പറ്റി പെട്ടെന്ന് ഒരു തീരുമാനത്തിലെത്താന് കഴിവില്ലാത്ത മാനസിക സ്ഥിതിയിലായിരുന്നു മാതാപിതാക്കള്.

പുനലൂര് പട്ടണത്തില് പ്രസിദ്ധനായ ഒരു ഡോക്ടര് ഉണ്ടായിരുന്നു - ഭാനുവിലാസം ഹോസ്പിറ്റലിന്റെ സ്ഥാപകന് ഡോക്ടര് സോമന്. അദ്ദേഹത്തിന്റെ അഭിപ്രായം കൂടി തേടാന് പുനലൂര് താമസിക്കുന്ന

മാതൃസഹോദരന് നിര്ബന്ധിച്ചു. മാതൃസഹോദരനോടൊത്ത് മൂന്നാഴ്ച താമസിച്ചു. അവിടെയും പരിശോധനകള് നടത്തി. ഡോക്ടര് സോമന് നല്കിയ മരുന്നുകളൊക്കെ കഴിച്ചു. ഒടുവില്, സര്ജറി ഒഴിവാക്കാന് സാധ്യമല്ലെന്ന് അദ്ദേഹവും അറിയിച്ചു. ഉടനെ തന്നെ സര്ജറി നടത്തണം. അല്ലാത്തപക്ഷം ക്യാന്സര് മറ്റ് അവയവങ്ങളിലേക്ക് വ്യാപിക്കാം. അങ്ങനെ സംഭവിച്ചാല് മരണം നിശ്ചയം!

വീണ്ടും സായിപ്പിന്റെ ആശുപത്രിയിലെത്തി. താമസിയാതെ ഹിസ്റ്ററെക്റ്റമിയ്ക്ക് വിധേയപ്പെടാന് തീരുമാനിച്ചതായി ഡോക്ടറെ അറിയിച്ചു.

സര്ജറി എന്നുകേട്ടാല് മനുഷ്യര് ഭയപ്പെടുന്ന കാലം. സര്ജറിയ്ക്ക് മുന്പ് രോഗികളെ ബോധം കെടുത്താന് ഉപയോഗിച്ചിരുന്ന മരുന്നുകള്പോലും പലരുടെയും മരണത്തിന് കാരണമാകുന്ന കാലം. ആധുനിക വൈദ്യശാസ്ത്ര സജ്ജീകരണങ്ങള് ഇല്ലാത്തകാലം. അക്കാലത്ത് പലരുടെയും മരണത്തിന് കാരണമാകുന്ന സര്ജറി ആയിരുന്നു ഹിസ്റ്ററെക്റ്റമി!!

എന്റെ മാതാവ് സര്ജറിയ്ക്കു വേണ്ടി മാത്രമല്ല, മരണത്തിനുവേണ്ടിയും തയ്യാറായി തുടങ്ങി. കുറെ ദിവസങ്ങള് ഭര്ത്താവിനോടും പിഞ്ചുകുഞ്ഞുങ്ങളോടുമൊത്ത് ചെലവിടുവാന് തീരുമാനിച്ചു. അതുകഴിഞ്ഞ് തിരുവല്ലയില് സര്ജ്ജറിയ്ക്കു വേണ്ടി പോകാനും. ചുരുക്കം ദിവസങ്ങളിലേക്കുമാത്രം അവധി അനുവദിച്ചാണ് ഡോക്ടര് മാതാവിനെ വീട്ടിലേക്ക് വിട്ടത്.

ആ ദിവസങ്ങളില് എന്റെ അമ്മച്ചിയുടെ ഭക്തി കൂടുതല് ശക്തമായി. പെന്തക്കോസ്തു വിശ്വാസികളായ ചില ബന്ധുക്കളും നാട്ടുകാരും വീട്ടില് വന്ന് പ്രാര്ത്ഥിച്ചു തുടങ്ങി.

തന്റെ പിഞ്ചുകുഞ്ഞുങ്ങളെ കാണുമ്പോഴൊക്കെ മാതാവ് പൊട്ടിക്കരയുമായിരുന്നു - അവര് അമ്മയില്ലാതെ വളര്ന്നുവരേണ്ടിവരുമോ എന്ന തീവ്രമായ ആശങ്കയില്! ഭവനം മൊത്തം ദുഃഖത്തിന്റെ താഴ്വരയിലായ ദിനങ്ങള്.

അന്നൊരു ദിവസം അമ്മച്ചി കോട്ടയത്തുവച്ചു നടക്കുന്ന ഒരു പെന്തക്കോസ്തു ക്രൂസേഡിനെപ്പറ്റി കേട്ടു. രണ്ട് അമേരിക്കന് മിഷനറിമാരായിരുന്നു യോഗങ്ങളില് പ്രസംഗിച്ചത്. അമ്മച്ചി ഒരു സായാഹ്നത്തില് ക്രൂസേഡ് പന്തലില് എത്തി. വചനപ്രസംഗത്തിനുശേഷം രോഗശാന്തി ആവശ്യമുള്ളവര് എഴുന്നേറ്റു നില്ക്കാന് മിഷനറിമാര് ആഹ്വാനം നല്കി.

മാതാവ് എഴുന്നേറ്റു നിന്നു. തീവ്രമായ പ്രാര്ത്ഥനയുടെ അന്തരീക്ഷം. അപരിചിതയായ ഒരു സ്ത്രീ പിന്നില് നിന്നു വന്ന് എന്റെ മാതാവിന്റെ അടിവയറ്റില് കൈവച്ച് പ്രാര്ത്ഥിച്ചു. പെട്ടെന്ന് പരിശുദ്ധാത്മാവിന്റെ ശക്തിയായ ഒരു സ്പര്ശനം മാതാവിനുണ്ടായി - പെന്തക്കോസ്തിന്റെ അനുഭവം! ഹൃദയം മാത്രമല്ല, ഗര്ഭപാത്രവും അടിവയറുമൊത്തവും ശക്തമായി തുടിക്കുന്ന അനുഭവം. സൗഖ്യമാക്കുന്ന യേശുവിന്റെ കരം തന്നെ തൊട്ടതായി മാതാവിന് അനുഭവപ്പെട്ടു. ഇനി സര്ജറിക്കുവേണ്ടി തിരുവല്ലയിലേക്കു പോകുന്നില്ലെന്ന് തീരുമാനിച്ചുകൊണ്ടാണ് പന്തലില് നിന്ന് വീട്ടിലേക്കു തിരിച്ചത്.

ഭാര്യയുടെ രോഗശാന്തിയില് എന്റെ പിതാവാണ് ഏറ്റവും സന്തോഷിച്ചത്.

എന്നാല്, പുതിയ പെന്തക്കോസ്ത് അനുഭവത്തെ (പരിശുദ്ധാത്മ നിറവിന്റെ അനുഭവത്തെ) സംശയത്തോടു കൂടിയാണ് അദ്ദേഹം വീക്ഷിച്ചത്. ഭാര്യ പെന്തക്കോസ്തു സഭയുമായി സ്ഥിരമായി ഒരു ബന്ധം സ്ഥാപിക്കുന്നതിനോട് അദ്ദേഹത്തിനു താത്പര്യമില്ലായിരുന്നു.

മാസങ്ങള് അധികം മുമ്പോട്ടു നീങ്ങുന്നതിനു മുമ്പേ എന്റെ പിതാവിന്റെ സമീപനങ്ങളില് മാറ്റം വന്നു തുടങ്ങി. പരിശുദ്ധാത്മാവിന്റെ നിറവ് (പെന്തക്കോസ്ത് അനുഭവം) മിഥ്യയല്ലെന്ന് അദ്ദേഹം ഗ്രഹിച്ചുതുടങ്ങി.

കുറെക്കാലം കഴിഞ്ഞ് എന്റെ മാതാവ് വീണ്ടും ഗര്ഭവതിയായി. അറുത്തുമാറ്റികളയണമെന്ന് വിദഗ്ധരായ ഡോക്ടര്മാര് വിധി എഴുതിയ ഗര്ഭപാത്രത്തിലാണ് ഒരു ആണ്കുഞ്ഞ് ജന്മം കൊണ്ടത്. ഒന്പതുമാസം കഴിഞ്ഞപ്പോള് (1958) എന്റെ മാതാവ് ആരോഗ്യമുള്ള ഒരു ശിശുവിനെ പ്രസവിച്ചു. മാതാപിതാക്കളുടെ മൂന്നാമത്തെ കുട്ടി. എന്റെ അത്ഭുതജനനത്തിന്റെ പശ്ചാത്തലം ഇതാണ്.

എന്റെ ജനനത്തിനുശേഷം വീണ്ടും 35 വര്ഷങ്ങള്കൂടി അമ്മച്ചി ആരോഗ്യവതിയായി ജീവിച്ചു. 1993ല് 68-ാമത്തെ വയസ്സില് അമ്മച്ചി മരണമടഞ്ഞു. ഹൃദയാഘാതമായിരുന്നു കാരണം. അമ്മച്ചിയുടെ അവസാനവര്ഷങ്ങളില് ഡയബിറ്റിസ് ഉണ്ടാക്കിയ ചില അസ്വാസ്ഥ്യങ്ങള് സഹിക്കേണ്ടിവന്നു. എന്നാല് 1955നു ശേഷം ഗര്ഭപാത്രസംബന്ധമായ അസ്വാസ്ഥ്യങ്ങള് അമ്മച്ചിയെ പീഡിപ്പിച്ചിട്ടില്ല. കോട്ടയത്തുവച്ചു നടന്ന ക്രൂസേഡില് വച്ച് കാന്സര് എന്നെന്നേക്കുമായി അപ്രത്യക്ഷപ്പെടുകയായിരുന്നു.

കേടുപിടിച്ചെന്നു ഡോക്ടര്മാര് വിധി എഴുതിയ ഗര്ഭപാത്രത്തില് രൂപം കൊണ്ട എന്നെ കേടുകൂടാതെ ജനിക്കുവാന് ദൈവം അനുവദിച്ചു. സര്വ്വശക്തന് എന്നെ ഇന്നയോളം കേടുകൂടാതെ പരിപാലിച്ചു.

ബാല്യം മുതല്ക്കേ യുവജനപ്രസ്ഥാനങ്ങളില് പ്രവര്ത്തിക്കുവാന് ദൈവം സഹായിച്ചു. അനവധി ജീവകാരുണ്യ സംരംഭങ്ങള്ക്കും നേതൃത്വം നല്കിയിട്ടുണ്ട്. കുറെ വര്ഷങ്ങള് `സദ്വാര്ത്ത' മാസികയുടെ എഡിറ്ററായി സേവനം അനുഷ്ഠിച്ചു. ഇടയ്ക്കിടെ ആത്മീയ ലേഖനങ്ങള് എഴുതാറുണ്ട്.

ഏതാനും വര്ഷങ്ങളായി ഞാന് മുംബൈ നഗരത്തിലുള്ള വില്സന് കോളജില് പൊളിറ്റിക്കല് സയന്സ് വകുപ്പില് പ്രൊഫസറായി ജോലി ചെയ്യുന്നു. കോളജിന്റെ വൈസ് പ്രിന്സിപ്പല് എന്ന നിലയിലും സേവനം അനുഷ്ഠിക്കുന്നു. ഇപ്പോള് പിഎച്ച്.ഡി. ബിരുദത്തിനുവേണ്ടിയുള്ള പ്രബന്ധം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

എനിക്കു ലഭിച്ചിട്ടുള്ള എല്ലാ നന്മകളുടെയും ഉറവിടം എന്റെ മാതാവിനെ 1955ല് സ്പര്ശിച്ച പരിശുദ്ധാത്മാവാണ്. ആ ദിവ്യശക്തിയെ എന്റെ മാതാവിനു പകര്ന്നുകൊടുത്ത ക്രിസ്തുവിനെ പ്രസാദിപ്പിക്കുക മാത്രമാണ് എന്റെ ജീവിതത്തിന്റെ ലക്ഷ്യം. ക്രിസ്തുവിനെ വ്യക്തിപരമായി എന്റെ രക്ഷകനായി സ്വീകരിച്ചപ്പോഴാണ് ജീവിതത്തിന് ഒരു ലക്ഷ്യബോധം കൈവന്നത്. ദൈനംദിന ജീവിതത്തില് പരിശുദ്ധാത്മാവിന്റെ സാന്നിധ്യം അനുഭവിക്കുന്ന ഒരു വിശ്വാസിയാണ് ഞാന്. തന്മൂലം ഒരിക്കലും ഞാന് ശൂന്യതാബോധത്തില്

നിപതിച്ചിട്ടില്ല. ക്രിസ്തുവിലാണ് എന്റെ അസ്തിത്വം. ക്രിസ്തു ശാശ്വതമായ ഒരു പാറയാണ്. അതുകൊണ്ട് ഇന്ന് ചില വിദ്യാസമ്പന്നരെ അലട്ടുന്ന അസ്തിത്വവ്യഥയും എനിക്ക് ഒരു പ്രശ്നമായിട്ടില്ല.

[2009 ഓഗസ്റ്റ് 24നും 25നും പ്രൊഫസര് സാം സ്കറിയ ഏഴംകുളം സാംകുട്ടിയ്ക്ക് ടെലഫോണില് കൂടി നല്കിയ വിവരങ്ങള് അടിസ്ഥാനമാക്കിയാണ് ഈ അനുഭവസാക്ഷയ്ം തയ്യാറാക്കിയത്. ഒന്പതുവര്ഷം മുമ്പ് പ്രൊഫസര് സ്കറിയ ശ്രീ സാംകുട്ടി മാമ്മനുമായി നടത്തിയ ഒരു അഭിമുഖ സംഭാഷണം `ഹാലേലൂയ്യാ' ദ്വൈവാരികയില് പ്രസിദ്ധീകരിച്ചിരുന്നു (15 ഫെബ്രുവരി 2000). സാം സ്കറിയയുമായി സമ്പര്ക്കം പുലര്ത്തുവാന് ഡോ. സാംകുട്ടിയെ പ്രേരിപ്പിച്ചത് ശ്രീ മാമ്മന്റെ `അഭിമുഖം' ആണ്.]